**ഓരോ മഹല്ലിനോടും ചേർന്ന് ഖബർസ്ഥാനുകളിൽ പച്ചവിരിച്ചുനിൽക്കുന്ന പള്ളിക്കാടുകളുടെ ജൈവികതയെക്കുറിച്ച് വേണ്ടത്ര ചർച്ചകൾ ഇവിടെ നടന്നിട്ടില്ല. പലപ്പോഴും പള്ളികൾ വലിയ കാട്ടിനുള്ളിലെ ഒരു ചെറിയ സന്നാഹം മാത്രമായിരുന്നിട്ടും എന്തുകൊണ്ട് പള്ളിക്കാടുകൾ കാണാതെ പോകുന്നു? ആരാധനാലയങ്ങൾക്ക് നിഗൂഢവും ജൈവവുമായ പശ്ചാത്തലഭംഗി ഒരുക്കുന്ന പള്ളിക്കാടുകളെക്കുറിച്ച് സമദ്**

# ഈ പള്ളിക്കാടുകളെ ആരും കാണാത്തതെന്ത്?

**മണ്ടംപ്പുറത്തുകാരനെന്ത്** കാട്! ഓന്തോടിയാൽ വേലിക്കലോളം. ഞങ്ങൾ തീരദേശത്തുകാർക്ക് കഥകളിലെ സിംഹവും പുലിയുമുള്ള കാടുകൾ അപ്രാപ്യമായ ഏതോ പ്രദേശത്തെ സ്വപ്നലോകം മാത്രമായിരുന്നു. ഞങ്ങളുടെ യാത്രകൾ അറബിക്കടലിന്റെ രൗദ്രതീരങ്ങളിൽ വഴിമുട്ടിയത് സ്വാഭാവികം. തീരദേശത്തുകാരനായ എൻ.എ. നസീറിനെപ്പോലെ ഒരാൾ, പടിഞ്ഞാട്ട് നടക്കാതെ കിഴക്കോട്ട് പോയി ഒരിക്കലും വഴിമുടക്കാത്ത കാടുകളിലെ വിസ്മയങ്ങളിൽ നീരാടി നടന്നത് അത്ഭുതമായി അവശേഷിക്കുന്നു.

ഞങ്ങൾ മണപ്പുറത്തുകാർക്ക് കാട് എന്നാൽ പള്ളിക്കാട് മാത്രമായിരുന്നു. ഓരോ മഹല്ലിനോടും അനുബന്ധിച്ച് കാടുകളുണ്ടായിരുന്നു. പലപ്പോഴും പള്ളി എന്നത് വലിയ കാട്ടിനുള്ളിലെ ഒരു ചെറിയ സന്നാഹം മാത്രമായിരുന്നു. എന്തുകൊണ്ടാണ് പള്ളികളെ കാടുകൾ കൊണ്ട് വലയം ചെയ്തിരുന്നത് എന്നറിയില്ല. ഏതായാലും ആരാധനാലയങ്ങൾക്ക് നിഗൂഢവും ജൈവവുമായ ഒരു പശ്ചാത്തല ഭംഗി ഒരുക്കാൻ കാടുകൾ സഹായിച്ചു.

'ഞങ്ങളുടെ' കാടിന് പലഭാഗങ്ങളുണ്ടായി. തെക്കെക്കാട് നിറയെ ഖബറുകൾ. അറിഞ്ഞോ അറിയാതെയോ വംശങ്ങൾ തിരിച്ചായിരുന്നു ഖബറടക്കിയിരുന്നത്. ചിലയിടങ്ങളിൽ വലിയ മീസാൻ കല്ലുകൾ – സ്മാരകശിലകൾ താൻ പോരിമയോടെ ഖബറിന്റെ ഇരുവശവും കാവൽ നിന്നു. പരേതന്റെ പേരും വീട്ടു പേരടക്കമുള്ള വിശദാംശങ്ങളും ആലേഖനം ചെയ്തിട്ടുണ്ടാവും അതിൽ. ചില സ്മാരകശിലകൾ ചെറുതായിരിക്കും. ചില ഖബറുകൾക്കിരുവശവും വെറുതെ രണ്ട് വെട്ടുകൽ വെച്ച് അടയാളപ്പെടുത്തിയിരിക്കും. ബഹുഭൂരിപക്ഷം ഖബറിലും കാൽക്കലിലും തലയ്ക്കലും ഓരോ ഒടിച്ചുകുത്തികൾ മാത്രം കാവൽ നിന്നു. ഒടിച്ചുകുത്തികൾ പള്ളിക്കാടുകളിലെ സജീവ സാന്നിദ്ധ്യമാണ്. മാംസളമായ തണ്ടും ഇലകളുമുള്ള ഈ ചെടിയുടെ ജീവൻ നിലനിർത്താനുള്ള ശേഷി വിസ്മയകരമാണ്. ഖബറടക്കിയ ശേഷം രണ്ട് കമ്പുകളൊടിച്ച് തലക്കലും കാൽക്കലും കുത്തി ഒരു കപ്പ് വെള്ളമൊഴിച്ചു കൊടുത്താൽ മതി. എത്ര വേനലായാലും പൊടിച്ച് വളർന്ന് അവ അതിന്റെ ദൗത്യം നിർവഹിക്കും. ഒടിച്ചുകുത്തി പള്ളിക്കാട്ടിലെ ജൈവ വൈവിദ്ധ്യങ്ങളിൽ ഒന്നുമാത്രം. പാണ്ടലും ഈന്തമിക്കയുമടക്കം ഒരുപാട് കുറ്റിച്ചെടികൾ. ഇ

ലമത്തെ, എരുമപച്ച എന്നിങ്ങനെ ഇപ്പോൾ കാണാൻ കൊതി തോന്നുന്ന അനേകം പുൽച്ചെടികൾ. അകലത്തിൽ അദബോടെ നിൽക്കുന്ന അയനികൾ, കരിഞ്ഞോട്ട മരങ്ങൾ, ഞാവലുകൾ, എലിഞ്ഞികൾ... തൈക്കാട് ഇരുട്ടു നിറഞ്ഞ കൊടുംകാടല്ല. മരങ്ങൾ ഇടവിട്ടാണ് നിൽക്കുന്നത്. മയ്യത്തുകൾക്ക് ഇടം കൊടുക്കാനായി അവ ഒഴിഞ്ഞുമാറി നിൽക്കുന്നു.

വടക്കേക്കാടും പടിഞ്ഞാറേക്കാടും ഞങ്ങൾ കുട്ടികളെ സംബന്ധിച്ചിടത്തോളം കൊടുംകാടാണ്. നാനാതരം മരങ്ങൾ ഇടതൂർന്ന് നിൽക്കുന്നു. പ്രാചീനമായ വള്ളികൾ നരച്ച വയറും മാറും പ്രദർശിപ്പിച്ച് വൻ മരങ്ങളിൽ ഞാന്ന് കിടക്കുന്നു. മരക്കൊമ്പുകളിൽ പലവിധ പക്ഷികളുടെ കൂടുകൾ. ഇലകളിൽ നിറയെ പുളിയുറുമ്പ് എന്ന് ഞങ്ങൾ വിളിക്കുന്ന പരാക്രമികളായ ജീവികൾ. പകലും ഇരുട്ട്. രാത്രിയിൽ കുറുക്കന്മാരുടെ നേതൃത്വത്തിൽ വില്ലടിച്ചാൺ പാട്ട്. പ്രേതത്തെകുറിച്ചോ ചെകുത്താനെക്കുറിച്ചോ ഞങ്ങൾക്കാർക്കും പേടിയില്ല. പക്ഷേ എട്ടടി മൂർഖനും ഊറാൻപുലിയും വടക്കേക്കാട്ടിലേക്കുള്ള ഞങ്ങളുടെ നുഴഞ്ഞുകയറ്റം നിരോധിച്ച് കാവൽക്കാരായി നിന്നു. പ്രകൃതിയുടെ രീതികൾ വിചിത്രമാണെന്ന് ഇന്ന് തിരിച്ചറിയുന്നു. ഈ ഭീതിയില്ലായിരുന്നെങ്കിൽ ആ കാട് ഞങ്ങൾ വെളുപ്പിച്ചേനെ. എന്നിട്ടും കാടുകയറുന്നവർ ഞങ്ങൾക്കിടയിലുണ്ടായിരുന്നു. ഞങ്ങൾ പേടിത്തൊണ്ടന്മാരെ കാവൽ നിർത്തി അവർ കാടിനുള്ളിലേക്ക് നുഴഞ്ഞ് കയറും. തിരിച്ചുവരുമ്പോൾ അവരുടെ മടക്കിക്കുത്തിയ മുണ്ടിനുള്ളിൽ എന്തെങ്കിലുമൊക്കെയുണ്ടാകും. പൂച്ചപ്പഴങ്ങൾ, കാരപ്പഴം, ഇരിപ്പപ്പഴം, വേലിക്കിഴങ്ങ് അങ്ങനെ പലതും. ചിലത് ഇപ്പോൾ കിട്ടിയാൽ കൗതുകത്തിന് പോലും തിന്നാനാവാത്തത്ര ചവർപ്പ്. പക്ഷേ ഇരിപ്പപ്പഴം മധുരമുള്ള ഓർമ്മയായി നാക്ക് അലിയിക്കുന്നു, ഇപ്പോഴും.

പള്ളിക്കാട്ടിന് ചുറ്റും മൈതാനമാണ്. മൈതാനിയിലും ഒറ്റപ്പെട്ട മരങ്ങളുണ്ട്. ഇപ്പോഴും ഓർമയിൽ ഒരു പെയിന്റിങ്ങ് പോലെ നിറഞ്ഞ് നിൽക്കുന്ന മര വ്യക്തിത്വങ്ങൾ. നിറയെ വെളുത്ത കുഞ്ഞിപ്പൂക്കളുമായി ഒരു പുന്ന വടക്കേ മൈതാനിയിൽ. അലൗകിക ചുവപ്പു വർണ്ണ ഗോളങ്ങളുമായി നിറഞ്ഞു നിൽക്കുന്ന ഒരു കാഞ്ഞിരമരം തെക്കെ മൈതാനിയിൽ. പിന്നെ പ്രണയമഴ പെയ്യുന്ന ഇലഞ്ഞിമരം. മധുരമഴ പെയ്യുന്ന ഞാവൽ മരം. അവയ്ക്കിടയിൽ കുട്ടിയും കോലും കളിച്ചു, കോട്ടക്കളി കളിച്ചു. ഞങ്ങളുടെ കാലുകൾ ഉഴുതുമറിച്ച പഞ്ചാരമണൽ മൈതാനികളിൽ അവിടെവിടെ മുളച്ചുനിന്ന കടുക്കുപുല്ലുകൾ മാത്രം അജയ്യരായി നിന്നു. പുല്ലിൽ നിറയെ കടുകുമണി പോലുള്ള കായകൾ. ചുവന്നുറുമ്പിന് പ്രിയപ്പെട്ടവ. ഈ പുല്ലുകളുടെ ഇടയിലൂടെ ഓടിയാൽ നഗ്നമായ ഞങ്ങളുടെ കാലുകൾ കുഞ്ഞുറുമ്പുകൾ കടിച്ചു പൊളിക്കും. ചിലർക്ക് നീരുവരും. വിചിത്ര പ്രതിരോധം.

**മനുഷ്യന് ആവശ്യമില്ലാത്ത നൂറായിരം മരങ്ങളുടെ, ചെടികളുടെ, വള്ളികളുടെ, വിത്ത് വിതരണകേന്ദ്രമായ പള്ളിക്കാടുകൾ കോൺക്രീറ്റ് വനമാക്കാത്ത എന്റെ മതക്കാരോട് എനിക്കാദരവുണ്ട്**



കാട്ടിനുള്ളിലെ സ്വൈരവിഹാരത്തിനിടയ്ക്ക് കുറുക്കനും കോക്കാനും മരപ്പട്ടിയും ഇടക്കിടെ ക്ഷണിക്കപ്പെടാതെ വിരുന്നുകാരായി വന്നു. പെണ്ണുങ്ങൾ ആറ്റ്നോറ്റ് വളർത്തുന്ന കോഴികടയ്ക്ക് കുറവ് വരുമ്പോൾ കൗശലക്കാരായ കുറുക്കന്മാരെ കവച്ചുവെക്കുന്ന കൗശലം പെണ്ണുങ്ങളും കാണിക്കും. വേലിപ്പൊത്തിലെ കെണികളിൽ ചത്തപോലെ അഭിനയിച്ച് കിടക്കുന്ന കുറുക്കന്മാരെ ഉലക്കക്കടിച്ച് കൊല്ലും.

അധികാര ഭാവത്തിൽ എട്ടടി മൂർഖന്മാർ ഇടക്ക് കാടിറങ്ങും. പാനായി മുസ്ല്യാർക്ക് ഉടനെ സന്ദേശം എത്തും. നാലടി നീളമുള്ള വടിയുമായി മുസ്ല്യാരുടനെത്തും. തലക്കെട്ടും താടിയുമുള്ള മുസ്ല്യാരും പത്തിലും ശൂരതയുടെ ചിഹ്നമുള്ള മൂർഖനും മുഖത്തോട് മുഖം നോക്കി കുറേനേരം നിൽക്കും. അപ്പോൾ മുസ്ല്യാരുടെ മുഖം വലിഞ്ഞുമുറുകിയിരിക്കും. കണ്ണുകൾ പുറത്തേക്ക് തള്ളി ഒരു പ്രകാശ രശ്മി മൂർഖന്റെ കണ്ണിലേക്ക് നീളും. മൂർഖൻ പതറുന്ന ഒരു നിമിഷം - ഉജ്വലമായ മെയ്‌വഴക്കത്തോടെ മുസ്ല്യാർ മുന്നോട്ട് വരികയും ചൂരൽ ഉയർന്ന് താഴുകയും ചെയ്യും, കലാസ്.

ഭൂമിയിൽ നിന്ന് കുറച്ച് നേരം രക്ഷപ്പെടണമെങ്കിൽ പള്ളിക്കാട്ടിലേക്ക് ചെല്ലുക. പുതിയ ഖബറുകൾക്കുള്ളിൽ നിന്ന് ജിബ്രീലിന്റെ ചോദ്യങ്ങൾക്ക് മുമ്പിൽ പതറുന്ന പരേതാന്മാക്കളുടെ ഭീതി നിങ്ങളെ ബാധിക്കാതിരിക്കട്ടെ. മനുഷ്യന് ആവശ്യമില്ലാത്ത നൂറായിരം മരങ്ങളുടെ, ചെടികളുടെ, വള്ളികളുടെ, വിത്ത് വിതരണകേന്ദ്രമായ പള്ളിക്കാടുകൾ കോൺക്രീറ്റ് വനമാക്കാത്ത എന്റെ മതക്കാരോട് എനിക്കാദരവുണ്ട്. ഈ കാടുകളെ അവർ മറച്ച് വെക്കുന്നതെന്ത്? ഈ കാടുകളെ ആരും കാണാത്തതെന്ത്? അറിയാത്തതെന്ത്?.